# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ജൂൺ 20**

**JUNE 20** **2018**

***1193 മിഥുനം 6 ബുധൻ***

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**വനിതാ കമ്മീഷൻ അദാലത്ത് ഇന്ന് (21)**

സംസ്ഥാന വനിതാ കമ്മീഷൻ ഇന്ന് (21) രാവിലെ 10.30 മുതൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ അദാലത്ത് നടത്തും. (പിഎൻപി 1587/18)

**റീ-ടെൻഡർ**

പുളിക്കീഴ് ഐസിഡിഎസ് പ്രോജക്ടിന്റെ ആവശ്യത്തിലേക്ക് വാഹനം വാടകയ്ക്ക് നൽകുവാൻ താത്പര്യമുള്ളവർക്ക് റീ-ടെൻഡർ നൽകാം. ഈ മാസം 27ന് ഉച്ചയ്ക്ക് രണ്ട് വരെ ടെൻഡർ സ്വീകരിക്കും. ഫോൺ: 0469 2610016. (പിഎൻപി 1588/18)

**ഹരിതകേരളത്തിന് മാതൃകയായി കുളനട ഗ്രാമപഞ്ചായത്ത്**

കേരളത്തിന്റെ ഹരിതാഭ വീണ്ടെടുക്കാൻ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ഹരിതകേരളം പദ്ധതിയിൽ മാതൃകാപരമായ പ്രവർത്തനങ്ങളാണ് കുളനട പഞ്ചായത്ത് ഏറ്റെടുത്ത് പൂർത്തിയാക്കിയിട്ടുള്ളത്. ഓടകളിലെ മാലിന്യങ്ങൾ പൂർണമായി നീക്കം ചെയ്തും വെള്ളക്കെട്ട് ഒഴിവാക്കിയും ജൈവകൃഷി പ്രോത്സാഹിപ്പിച്ചും തരിശുകൃഷിയിൽ വലിയ മുന്നേറ്റം ഉണ്ടാക്കിയും മറ്റ് പഞ്ചായത്തുകൾക്ക് മാതൃകയാവുകയാണ് കുളനട ഗ്രാമപഞ്ചായത്ത്. വഴിയരികിൽ മാലിന്യം തള്ളുന്നത് ഒഴിവാക്കുന്നതിനായി വഴിവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ തിങ്കളാഴ്ചയും പഞ്ചായത്തിൽ ഡ്രൈഡേ ആചരിച്ചുവരുന്നു. പഞ്ചാത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകളുടെ ഇരുവശങ്ങളിലും ചെടികൾ വച്ച് മനോഹരമായിട്ടുണ്ട്. ചില

സ്ഥലങ്ങളി ൽ വിശ്രമ േകന്ദ്രങ്ങളും വഴിയരികിൽ ഒരുക്കിയിട്ടുണ്ട്. വീടുകളിൽ നിന്ന് മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി 34 പേർ അടങ്ങുന്ന ഹരിതകർമസേനയാണ് പഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ളത്. രണ്ട് മാലിന്യ സംസ്കരണ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. എൽപിജിയുടെ ഉപയോഗം പരമാവധി ഒഴിവാക്കി ബയോഗ്യാസിന്റെ ഉപയോഗം കൂട്ടുന്നതിനുള്ള ഊർജിത ശ്രമങ്ങളും നടത്തിവരുന്നു. കുടുംബശ്രീ പ്രവർത്തകർ, അങ്കണവാടി ജീവനക്കാർ, ഹരിതക ർമസേനാംഗങ്ങൾ, ആരോഗ്യ പ്രവർത്തകർ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെയാണ് പ്രവർത്തനങ്ങൾ ഏറ്റെടുത്തിരിക്കുന്നത്.

(പിഎൻപി 1589/18)

## എലിപ്പനി: യോഗം ഇന്ന് (21)

ജില്ലയിൽ എലിപ്പനി രോഗം റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ അടിയന്തര പ്രതിരോധ നിയന്ത്രണ പരിപാടികൾ ഊർജിതമാക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഒരു യോഗം ഇന്ന് (21) രാവിലെ 11ന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. ഈ വിഷയവുമായി ബന്ധപ്പെട്ട് അതത് വകുപ്പുകൾ നടത്തിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ടും നിർദേശങ്ങളും വകുപ്പുമേധാവികൾ യോഗത്തിൽ അവതരിപ്പിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. (പിഎൻപി 1590/18)

## വാഹന ലേലം

പത്തനംതിട്ട എക്സൈസ് ഡിവിഷനിലെ വിവിധ അബ്കാരി കേസുകളിൽപ്പെട്ട് സർക്കാരിലേക്ക് കണ്ടു കെട്ടിയ വിവിധ വാഹനങ്ങൾ ഈ മാസം 29ന് രാവിലെ 11ന് എക്സൈസ് ഡിവിഷൻ ഓഫീസിൽ ലേലം ചെയ്യും. ലേലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വാഹനങ്ങൾ അവ സൂക്ഷിച്ചിട്ടുള്ള ഓഫീസ് മേലധികാരിയുടെ അനുവാദത്തോടെ പരിശോധിക്കാം. ഫോൺ: 0468 2222873. (പിഎൻപി 1591/18)

## പെട്രോൾ ഡീലർമാർക്ക് വായ്പ

പട്ടികജാതി വിഭാഗത്തിൽപ്പെട്ട അംഗീകൃത പെട്രോളിയം ഡീലർമാർക്ക് പെട്രോൾ/ ഡീസൽ വിൽപനശാലകൾ വിപുലീകരിക്കുന്നതിന് വായ്പയ്ക്ക് അപേക്ഷിക്കാം. പൊതുമേഖലയിലുള്ള ഏതെങ്കിലും പെട്രോളിയം കമ്പനിയുടെ അംഗീകൃത ഡീലർ ആയിരിക്കണം. കുടുംബവാർഷിക വരുമാനം ആറ് ലക്ഷം രൂപയിൽ കവിയരുത്. പ്രായപരിധി 60 വയസ്. അപേക്ഷകനോ ഭാര്യയോ/ഭർത്താവോ കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകളിലോ അനുബന്ധ സ്ഥാപനങ്ങളിലോ സ്ഥിരം ജോലിയുള്ളവരാകരുത്. വായ്പയ്ക്ക് ആവശ്യമായ വസ്തു ജാമ്യം ഹാജരാക്കണം. മുമ്പ് വായ്പയ്ക്ക് അപേക്ഷിച്ച് ലഭിക്കാത്തവർക്ക് വീണ്ടും അപേക്ഷിക്കാം.

വെള്ളക്കടലാസിൽ തയാറാക്കിയ അപേക്ഷ മേൽവിലാസം, ഫോൺ നമ്പർ, ജാതി, കുടുംബവാർഷിക വരുമാനം, വയസ്, വിദ്യാഭ്യാസയോഗ്യത, ഡീലർഷിപ്പ് ലഭിച്ച തീയതി, ഡീലർഷിപ്പ് അഡ്രസ്, ബന്ധപ്പെട്ട പെട്രോളിയം കമ്പനിയുടെ പേര് എന്നിവ സഹിതം മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപറേഷൻ, ടൗൺ ഹാൾ റോഡ്, തൃശൂർ-20 എന്ന വിലാസത്തിൽ ഈ മാസം 30നകം ലഭിക്കത്തക്ക വിധം അയയ്ക്കണം. (പിഎൻപി 1592/18)

## നിക്ഷേപക തൊഴിലാളി രജിസ്ട്രേഷൻ ആരംഭിച്ചു

ജില്ലയിൽ 2017-18ൽ തയാറാക്കിയ ജില്ലാ പദ്ധതിയുടെ ഭാഗമായി നിക്ഷേപക, തൊഴിലാളി രജിസ്ട്രേഷൻ ഗ്രാമപഞ്ചായത്ത്, മുനിസിപ്പൽ വാർഡുതലത്തിൽ ആരംഭിച്ചു. ചെറുതും വലുതുമായ നിക്ഷേപത്തിന് തയാറുള്ളവർക്കും നിലവിലുള്ള സംരംഭങ്ങളുടെ

അടുത്ത ഘട്ടവികസനത്തിന് ആഗ്രഹിക്കുന്നവർക്കും പ്രഫഷണൽ വിദ്യാഭ്യാസം പൂർത്തീകരിച്ചവരുടെ സ്റ്റാർട്ടപ്പിനായി ശ്രമിക്കുന്നവർക്കും www.dcpta.com എന്ന വെബ്സൈറ്റിലൂടെ രജിസ്റ്റർ ചെയ്യാം. രജിസ്ട്രേഷനുള്ള ഫോമുകളുടെ വിതരണം അതത് വാർഡ് മെമ്പർമാർ മുഖേനയും ആരംഭിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ ഈ മാസം പൂർത്തീകരിച്ച് വിവരങ്ങൾ വ്യവസായ വകുപ്പിന്റെ ഡാറ്റാബാങ്കിൽ ഉൾപ്പെടുത്തും. തുടർന്ന് പഞ്ചായത്ത്, മുനിസിപ്പൽ തലങ്ങളിൽ നിക്ഷേപ സംഗമം സംഘടിപ്പിക്കും. സംസ്ഥാന സർക്കാർ പുതുതായി പാസാക്കിയ വ്യവസായ നിയമത്തിന്റെ ഭാഗമായി ഉണ്ടായിട്ടുള്ള അനുകൂല സാഹചര്യം ജില്ലയ്ക്ക് ഗുണകരമാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

(പിഎൻപി 1593/18)

## കാർഷിക യന്ത്രങ്ങൾക്ക് സബ്സിഡി

കർഷകർക്ക് കാർഷിക യന്ത്രങ്ങൾ സ്വായത്തമാക്കുന്നതിന് കൃഷി വകുപ്പ് 40 ശതമാനം വരെ സബ്സിഡി അനുവദിക്കുന്നു. താത്പര്യമുള്ള കർഷകർ കൃഷിസ്ഥലത്തിന്റെ വിസ്തീർണം തെളിയിക്കുന്ന രേഖ, വാങ്ങാൻ ഉദ്ദേശിക്കുന്ന ഉപകരണങ്ങൾ, കാർഷിക ആവശ്യത്തിന് മാത്രം ഉപയോഗിക്കുന്നുവെന്ന സമ്മതപത്രം, കാംകോ, റെയ്ഡ്കോ, കെയ്കോ തുടങ്ങി സർക്കാർ അംഗീകൃത സർട്ടിഫിക്കറ്റുള്ള അംഗീകൃത ഡീലറിൽ നിന്നും ലഭിക്കുന്ന പ്രൊഫോർമ ഇൻവോയിസ്/ക്വട്ടേഷൻ എന്നീ രേഖകളോടുകൂടി ബന്ധപ്പെട്ട കൃഷിഭവനിൽ അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് 8281211692 എന്ന നമ്പരിൽ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുമായി ബന്ധപ്പെടണം. (പിഎൻപി 1594/18)

## മരം ലേലം

പത്തനംതിട്ട ജനറൽ ആശുപത്രിയിൽ അപകടകരമായി നിൽക്കുന്ന വാകമരം ഈ മാസം 28ന് രാവിലെ 11.30ന് ആശുപത്രി പരിസരത്ത് ലേലം ചെയ്യും.

(പിഎൻപി 1595/18)




(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

| ജൂൺ 20<br>JUNE 20 | 2018 |
|---|---|

*1193 മിഥുനം 6 ബുധൻ*

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**പനി: 534 പേർ ചികിത്സ തേടി**

ജില്ലയിൽ പനി ബാധിച്ച് ഇന്നലെ (20) 534 പേർ വിവിധ ആശുപത്രികളിൽ ചികിത്സ തേടി. ഡങ്കിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടിയ 12 പേരിൽ ഏഴ് പേർക്ക് ഡങ്കിപ്പനി സ്ഥിരീകരിച്ചു. മൂന്ന് പേർക്ക് ചിക്കൻപോക്സും ഒരാൾക്ക് ഹെപ്പറ്റൈറ്റിസ് ബിയും സ്ഥിരീകരിച്ചു. വയറിളക്കരോഗങ്ങൾക്ക് 68 പേർ ചികിത്സ തേടി. വല്ലന, ചിറ്റാർ, ഇലന്തൂർ, കടമ്മനിട്ട എന്നിവിടങ്ങളിലാണ് ഡങ്കിപ്പനി സ്ഥിരീകരിച്ചത്. കടമ്പനാടാണ് ഹെപ്പറ്റൈറ്റിസ് ബി സ്ഥിരീകരിച്ചിട്ടുള്ളത്. (പിഎൻപി 1596/18)

**ഹയർ സെക്കൻഡറി വിദ്യാർഥികൾക്കായി വായന ക്വിസ് ഇന്ന് (21)**

വായനദിന വാരാഘോഷത്തിന്റെ ഭാഗമായി ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ജില്ലയിലെ ഹയർ സെക്കൻഡറി വിദ്യാർഥികൾക്കായി നടത്തുന്ന വായന ക്വിസ് മത്സരം ഇന്ന് (21) രാവിലെ 10ന് കളക്ടറേറ്റിലെ മിനി കോൺഫറൻസ് ഹാളിൽ നടക്കും. പ്രശസ്ത സാമൂഹിക പ്രവർത്തക ഡോ.എം.എസ്.സുനിൽ മത്സരം നയിക്കും. രണ്ട് പേരടങ്ങുന്ന ടീമിന് പങ്കെടുക്കാം. പങ്കെടുക്കുന്നവർ പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രം ഹാജരാക്കണം. (പിഎൻപി 1597/18)

**വായന മത്സരം ഇന്ന് (21)**

വായനവാരാചരണത്തോടനുബന്ധിച്ച് ഇന്ന് (21) രാവിലെ 10 മുതൽ തിരുവല്ല ഡയറ്റിൽ യു.പി, ഹൈസ്കൂൾ വിഭാഗം വിദ്യാർഥികൾക്ക് ഉപന്യാസം, പെയിന്റിംഗ് (വാട്ടർ കളർ), വായന എന്നിവയിൽ ജില്ലാതല മത്സരങ്ങൾ നടത്തുമെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചു. (പിഎൻപി 1598/18)

**വായന വാരാചരണം**

വള്ളിക്കോട് പഞ്ചായത്തിലെ വയലാവടക്ക് ഗവൺമെന്റ് എൽപിസ്കൂളിൽ വായന വാരാചരണം ആരംഭിച്ചു. വിദ്യാർഥികൾ അക്ഷരദീപം തെളിച്ചുകൊണ്ടാണ് വായനവാരാചരണത്തിന് തുടക്കം കുറിച്ചത്. മാമ്മൂട് പബ്ലിക് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ വിദ്യാർഥികൾക്കായി വായനദിന ക്വിസ് മത്സരം, വായനാനുഭവം പങ്കുവയ്ക്കൽ, പോസ്റ്റർ തയാറാക്കൽ എന്നിവയും നടന്നു. ഗ്രാമപഞ്ചായത്ത് അംഗം ജെയ്സി കോശി ഉദ്ഘാടനം ചെയ്തു. പിടിഎ പ്രസിഡന്റ് കെ.പി.ശ്രീഷ്, ഹെഡ്മിസ്ട്രസ് എ.ജെ.രാധാമണി, കെ.ശശികല, ഡി.ധന്യ, എസ്.സുജിത്ത്, ഡി.സത്യവാൻ, എ.ആർ.രഘുനാഥൻ നായർ, വിജയമോഹനനാചാരി തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1599/18)




(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്